**Circular No. 18/91**

No. EM(2) 25846/90. Dated 7-6-1991

Sub: Co-operation-Recruitment for appointment of employees in Co-operetive institu tions- Procedure - Codification of circular instructions.

Ref:
1. Registars's Circular No. 52/80 dated 22-7-80.
2. Registars's Circular No. 28/86 dated 6-7-86.
3. Registars's Circular No. 66/89 dated 29-11-89.
4. Registars's Circular No. 6/91 dated 15-2-91.
5. Government Letter No. 3015/B1/90/Coop. dated 19-6-90.
6. Government Letter No. 9346/B1/90/Coop. dated 20-9-90.
7. Government Letter No. 2496/B1/90/Coop. dated 17-4-91.

In the circular 1to 4 reffered to above, instructions regarding the procedure to be followed for appointments in the Co-operetive institutions had been issued. This was done with a view to check and avoid any possible malpractices in the recruitments and also to ensure recruitment of right persons in conformity with the conditions stipulated in the KCS Rules.

II. It is proposed to codify the specific institutions or guidelines so far issued from this office from time to time so that by and large, the societies can follow them scrupulously and the departmental officers can periodically review whether the societies are complying with those instructions.

III. Accordingly, the guidlines already issued regarding the procedure to be followed while making appointments in the Co-operetive institutions, vide circular cited above, are codified and given below:

1. All appointments in co-operetive institutions should strictly be in accordance with the provisions of KCS Rules.
2. No appointment on daily wages shall be made under any circumstances.
3. The following procedure shall be strictly followed while making direct recruitments for appointment of employees.

(a) Applications for the posts shall be invited through Advertisment in leading dailies having wide circulation in the area.

(b) Selection shall be made only after contecting written test and interview, alloting 100 marks for written test and 20 marks for interview.

(c) The written test shall be conducted by an outside agency.

(d) Falls numbers should be assigned to the answer scripts.

(e) The conditions with regard to age-limit, qualifications, made of appointment etc., as laid down in the rules framed under section 80viz, rules 183,186,187 of the KCS Rules shall be strictly followed.

(f) The percent of the vacancies shuld be reversed for candidates belonging to scheduled castes/tribes.

(e) The conditions with regard to qualifications as laid down in rule 186 of the KCS Rules should be observed, or relaxetion with the prior approval of Registrar as provide under Rules 185(2) should be obtained befor appointment.

K.J. Thomas

Registrar of Co-operetive Societies.

**സർക്കുലർ നമ്പർ 4/2006**

വിഷയം: സഹകരണ ബാങ്കുകളിലെ ബിസിനസ്സ് ലോൺ കളക്ഷൻ ഏജന്റു മാർ എന്നിവരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന: 1) കേരള സ്റ്റേറ്റ് ബാങ്ക് അപ്രൈസേഴ്സ് യൂണിയന്റെ 21.12.2005 ലെ അപേക്ഷ

2) 3.1.2006 ൽ നടന്ന സെൻട്രൽബാങ്ക്സ് കോൺഫറൻസിലെ തീരുമാനംസഹകരണ ബാങ്കുകളിലെ ബിസിനസ്സ് വായ്പകളിലെ പ്രതിദിനം തവണകൾ കളക്ട് ചെയ്യുന്ന കമ്മീഷൻ ഏജന്റുമാരേയും പണയസ്വർണ്ണം പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്ന അപ്രൈസർമാരെയും സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന് ദീർഘനാളായി ജീവനക്കാരും, ജീവനക്കാരുടെ സംഘടനകളും നിരന്തരം ആവശ്യപ്പെട്ടു വരികയാണ് വായ്പാസഹകരണ സംഘങ്ങളിൽ നിക്ഷേപപിരിവുകാരായി നിലവിൽ ആറുമാസത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ള ജീവനക്കാരെ അതേ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതും മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ ബിസിനസ്സ് ലോൺ കളക്ഷൻ ഏജന്റുമാരെക്കൂടി ടി സർക്കുലറിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും 3.01.2006ൽ നടന്ന സെൻട്രൽ ബാങ്ക്സ് കോൺഫെറൻസിൽ തീരുമാനമെടുത്തിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ കുറഞ്ഞത് ആറുമാസമെങ്കിലും സേവനദൈർഘ്യമുള്ള പ്രസ്തുത ജീവനക്കാരെ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഇതിനാൽ ഉത്തരവാകുന്നു.

1. സഹകരണ ബാങ്കുകളിൽ ബിസിനസ്സ് ലോൺ കളക്ഷൻ ഏജന്റുമാരായും അപ്രൈസർമാരായും നിലവിൽ ആറുമാസത്തിൽ കുറയാത്ത സേവനദൈർഘ്യമുള്ള ജീവനക്കാരെ അതേ തസ്തികയിൽ സ്ഥിരപ്പെടുത്തേണ്ടതാണ്. കമ്മീഷൻ നൽകുന്ന തസ്തികകളെ സംബന്ധിച്ചിടത്തോളം നൽകുന്ന കുറഞ്ഞ കമ്മീഷൻ രണ്ടു ശതമാനവും പരമാവധി കമ്മീഷൻ മൂന്നുശതമാനവും ആയിരിക്കുന്നതാണ്. ഇപ്രകാരം നൽകുന്ന കമ്മീഷൻ തുകയിൽ നിന്നും 500/രൂപ പ്രതിമാസ വേതനമായി കണക്കാക്കി നൽകേണ്ടതാണ്.

2. നിലവിലുള്ള ബിസിനസ്സ് ലോൺകളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കും സ്ഥിരനിയമനങ്ങൾ നൽകുന്നതിനും അതാത് സ്ഥാപനത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതാണ്.

3.മേലിൽ സഹകരണ ബാങ്കുകളിൽ ബിസിനസ്സ് ലോൺ കളക്ഷൻ ഏജന്റുമാരേയും, അപ്രൈസർമാരെയും നിയമിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

4. മേൽപ്രകാരം സ്ഥിരപ്പെടുത്തുന്ന ജീവനക്കാരെ പെൻഷൻ, ക്ഷേമനിധി എന്നീ ക്ഷേമപദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ ആവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

ഒപ്പ്
വി. രഘുനാഥ്
സഹകരണ സംഘം രജിസ്ട്രാർ ഇൻ-ചാർജ്

**സർക്കുലർ നമ്പർ 11/99**

വിഷയം : സഹകരണ സ്ഥാപനങ്ങളിലെ നിയമനം - പത്രപരസ്യം ചെയ്യുന്നത് സംബന്ധിച്ച്

സൂചന : 7-06-1991-ാം ലെ 18/91 നമ്പർ സർക്കുലർ

സഹകരണ സ്ഥാപനങ്ങളിലെ നിയമത്തിന് പത്രപരസ്യം മുഖാന്തിരം അപേക്ഷ ക്ഷണിക്കേണ്ടതാണെന്ന് 18/91 സർക്കുലർപ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില സഹ കരണ സ്ഥാപനങ്ങൾ പേരും അഡ്രസ്സും വെളിപ്പെടുത്താതെ ബോക്സ് നമ്പർ കാണിച്ച് പത്ര പരസ്യം നൽകുന്നതായി പരാതികൾ കിട്ടിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ പൊതു സ്ഥാപനങ്ങൾ ആകയാൽ പേരും അഡ്രസ്സും വെളിപ്പെടുത്താതെ ബോക്സ് നമ്പർ കാണിച്ച് പത്രപരസ്യം നൽകുന്നത് ശരിയായ നടപടി ക്രമമല്ല. നിയമനങ്ങൾക്കായി പത്രപരസ്യം നൽകുമ്പോൾ താഴെ പറയുന്ന വിവരങ്ങൾക്കൂടി ഉൾപ്പെടുത്തി വേണം പത്രപരസ്യം പുറപ്പെ ടുവിക്കാൻ എന്ന് നിർദ്ദേശിക്കുന്നു.

1. സംഘത്തിന്റെ പൂർണ്ണമായ പ്രും മേൽവിലാസവും
2. എ. ഒഴിവുള്ള തസ്തികയുടെ പേര്
   ബി. ഒഴിവുകളുടെ എണ്ണം
   സി. ശമ്പള സ്കെയിൽ
3. പ്രായപരിധി
4. എ. വിദ്യാഭ്യാസ യോഗ്യത
   ബി. മുൻപരിചയം (ആവശ്യമുണ്ടെങ്കിൽ)
5. സംവരണം സംബന്ധിച്ചുള്ള വിവരം
6. ഉദ്യോഗാർത്ഥിയുടെ പേര്, ജാതി, മേൽവിലാസം, വയസ്സ്, വിദ്യാഭ്യാസ യോഗ്യ ത, മുൻപരിചയം, സംവരണാനുകൂല്യം ലഭിക്കുവാൻ അർഹതയുള്ള വ്യക്തിയാ ണെങ്കിൽ ആയത് തെളിയിക്കാനുള്ള രേഖകൾ, ഫോട്ടോ ആവശ്യമെങ്കിൽ ആയത് എന്നിവ സഹിതം സംഘത്തിൽ അപേക്ഷ ലഭിക്കേണ്ടുന്ന അവസാന തീയ്യതി.
7. എഴുത്തു പരീക്ഷയും ഇന്റർ വ്യൂവും ഉണ്ടെങ്കിൽ ആവിവരം
8. അപേക്ഷാ ഫീസ്
9. അപേക്ഷ അയക്കേണ്ടവിലാസം.

ഒപ്പ്
ഷീലാ തോമസ് ഐ.എ.എസ്.,
സഹകരണ സംഘം രജിസ്ട്രാർ